**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 774** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി നിയോജകമണ്ഡലത്തിലെ കായലുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി കല്ലഞ്ചേരി കായലിൽ കടുത്ത രീതിയിൽ എക്കൽ അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെടുകയും,ഇത് പരിസരവാസികൾക്കും മത്സ്യബന്ധന മേഖലയ്ക്കും വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** കുമ്പളങ്ങി കല്ലഞ്ചേരി കായലിലെ എക്കൽ അടിയന്തിരമായി നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** കുമ്പളങ്ങി കല്ലഞ്ചേരി കായലിലെ എക്കൽ നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിന് IRR/IA/EST/4018/2022_5_1_1, IRR/IA/EST/4020/2022_5_1_1 എന്നീ നമ്പറുകൾ പ്രകാരം യഥാക്രമം ₹960 ലക്ഷം, ₹500 ലക്ഷം തുകകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ ഇടക്കൊച്ചി അക്വർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് വരെയും പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് മുതൽ കണ്ണമാലി വരെയുമുള്ള കായൽ ഭാഗത്തെ അമിതമായി അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് കായലിന് ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെട്ടിട്ടുള്ളത്. മേൽ പ്രവൃത്തികൾ സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതിനാൽ മേൽപ്പറഞ്ഞ കായൽ പ്രദേശത്തെ അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും, കൃത്യമായ പരിശോധനയും ആവശ്യമായ പഠനങ്ങളും നടത്തി, ഡ്രഡ്ജ് ചെയ്ത് ദേശീയപാതാ അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതിനായി ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**(സി)** ചെല്ലാനം പഞ്ചായത്തിലെ ചെല്ലാനം വിജയൻ കനാൽ,ചെല്ലാനം കളത്തറ-കരി-കണ്ണമാലി കനാൽ, ഇതിന്റെ ഉപതോടുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്ത് ആഴം കൂട്ടാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിൽ പുത്തൻതോട് മുതൽ ഉണ്ടുപറമ്പ് വരെ 6.50 കിലോമീറ്റർ നീളത്തിൽ കനാലിൽ അടിഞ്ഞു കൂടിയിരുന്ന എക്കൽ നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനം പഞ്ചായത്തിലെ കളത്തറ-കരി-കണ്ണമാലി കനാലിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തിയുള്ള എസ്റ്റിമേറ്റ് IRR/IA/EST/6969/2025_5_1_1 നമ്പർ പ്രകാരം General-Kalathra- Chirakkal- Improvements to Kalathara Chirakkal Kayal and its tributaries in Ward.1 of Chellanam Panchayath in Ernakulam District-General Civil Work എന്ന പേരിൽ തയ്യാറാക്കി ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കായി സ്ഥലപരിശോധന നടത്തി ആവശ്യമായ പ്രൊവിഷൻസ് ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

**(ഡി)** ചെല്ലാനത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് അത്യന്താപേക്ഷിതമായ വിജയൻ കനാൽ തോട് മുതൽ കണ്ടക്കടവ് കനാൽ വരെയും,മുതലപ്പാലം മുതൽ കണ്ണമാലി ബീച്ച് വരെയും,വിജയൻ കനാൽ മുതൽ സൊസൈറ്റി തോട് വരെയുമുള്ള ഭാഗങ്ങളിലെ എക്കൽ നീക്കി നവീകരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ?

**<u>മറുപടി:</u>** Improvements to Vijayam Canal in Chellanam Panchayath' എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിൽ പുത്തൻതോട് മുതൽ ഉണ്ടുപറമ്പ് വരെ 6.50 കിലോമീറ്റർ നീളത്തിൽ കനാലിൽ അടിഞ്ഞു കൂടിയിരുന്ന എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതാണ്. മുതലപ്പാലം മുതൽ കണ്ണമാലി ബീച്ച് വരെയുള്ള തോട് ഉൾപ്പെടുന്ന പ്രദേശത്തിന്റെ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**